"ഭരണഭാഷ - മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിടവും അനുബന്ധ സ്ഥലവും താൽക്കാലികമായി കരുനാഗപ്പള്ളി ഗവ.കോളേജിന്റെ പ്രവർത്തനത്തിന് വിട്ടു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.2052/2019/LSGD തീയതി,തിരുവനന്തപുരം, 23/09/2019

---

പരാമർശം:- 1 സ.ഉ.(സാധാ)നം.2754/2017/ത.സ്വ.ഭ.വ തീയതി 07.08.2017

2 ബഹു.കരുനാഗപ്പള്ളി എം.എൽ.എ. ശ്രീ.ആർ.രാമചന്ദ്രന്റെ 10.07.2019-ലെ കത്ത്

3 ഗ്രാമവികസന കമ്മീഷണറുടെ 02.09.2019 ലെ 12637/റ്റി & എ 2-/19/സിആർഡി നമ്പർ കത്ത്

4. 03.09.2019-ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്

**ഉത്തരവ്**

കരുനാഗപ്പള്ളി ഗവ.കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ സ്വകാര്യ കെട്ടിടത്തിൽ വളരെ അസൗകര്യം നിറഞ്ഞ പരിസ്ഥിതിയിലാണ് ക്ലാസ്സുകൾ നടത്തുന്നതെന്നും ആയതിനാൽ മുൻപ് കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഓഫീസായി പ്രവർത്തിച്ചിരുന്നതും നിലവിൽ ഒഴിഞ്ഞു കിടക്കുന്നതുമായ കെട്ടിടങ്ങൾ താൽകാലികമായി കോളേജ് പ്രവർത്തിക്കുന്നതിന് വിട്ടു നൽകണമെന്നും പരാമർശം (2) പ്രകാരം ബഹു.കരുനാഗപ്പള്ളി എം.എൽ.എ അഭ്യർത്ഥിക്കുകയുണ്ടായി. നിർത്തലാക്കിയ മുൻ കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് നിലവിലുള്ള 6 കെട്ടിടങ്ങളിൽ പ്രധാന കെട്ടിടം കരുനാഗപ്പള്ളി ശിശു വികസന പ്രോജക്ട് ഡയറക്ടറുടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് താൽക്കാലികമായി വിട്ടു നൽകാൻ പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നെങ്കിലും ടി ഓഫീസ് ഇതേ വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നും ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് എന്ന സ്ഥാപനം മാത്രമാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത് എന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

2. വിഷയം ചർച്ച ചെയ്യുന്നതിലേക്കായി 03.09.2019-ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം ചേരുകയുണ്ടായി. നിലവിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം ഉണ്ടാകാത്ത വിധത്തിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടവും അനുബന്ധ സ്ഥലവും കോളേജിന്റെ പ്രവർത്തനത്തിനായി രണ്ട് വർഷ

കാലയളവിലേയ്ക്ക് വിട്ടു നൽകാൻ യോഗം തീരുമാനിക്കുകയുണ്ടായി.

3. മേൽ വിവരിച്ച സാഹചര്യത്തിൽ നിർത്തലാക്കിയ കരുനാഗപ്പള്ളി ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന പ്രധാന കെട്ടിടം കരുനാഗപ്പള്ളി ശിശു വികസന പ്രോജക്റ്റ് ഡയറക്ടറുടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് താൽക്കാലികമായി വിട്ടു നൽകാൻ അനുമതി നൽകിയ പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും കെട്ടിടങ്ങളും അനുബന്ധ സ്ഥലവും കരുനാഗപ്പള്ളി ഗവ.കോളേജിന്റെ പ്രവർത്തനത്തിനായി രണ്ട് വർഷ കാലയളവിലേയ്ക്ക് വിട്ടു നൽകാൻ അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു. ഇത്തരത്തിൽ കെട്ടിടങ്ങൾ വിട്ടു നൽകുമ്പോൾ നിലവിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് എന്ന സ്ഥാപനം നിലവിലുള്ള രീതിയിൽ പ്രവർത്തിക്കുന്നതിന് തടസ്സം ഉണ്ടാകാത്ത വിധം ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്

ശ്രീ.ആർ.രാമചന്ദ്രൻ, ബഹു.എം.എൽ.എ.,കരുനാഗപ്പള്ളി(ആവരണക്കത്ത് സഹിതം)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കോളേജിയറ്റ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
അസിസ്റ്റന്റ് ഡവലപ് മെന്റ് കമ്മീഷണർ(ജനറൽ), കൊല്ലം
പ്രിൻസിപ്പൽ, ഗവ.കോളേജ്,കരുനാഗപ്പള്ളി
സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.[illegible] 10:38:32 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്